കൃഷിക്കു് P. T. B. 9, P. T. B. 20, P. T. B. 22, P. T. B. 26, P. T. B. 3, എന്നീ വിത്തുകളും മുണ്ടകൻ കൃഷിക്കു് P. T. B. 4, P. T. B. 12, P. T. B. 20. C. O. 25 എന്നീ വിത്തുകളും ഉണ്ടാകുന്നുണ്ടു്.

(സി) ഇരുപ്പപൂച്ചെമ്പ (P. T. B. 31), ചിറേറനി (P. T. B. 12) തവളക്കണ്ണൻ (P. T. B. 9), Co. 25 എന്നിവയാകുന്നു. ഇവയുടെ വിത്തു് സീഡ്ഫാംസിൽനിന്നു് ലഭിക്കുന്നതാണു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹോം ഗാർഡുകൾ.

* 82. [42] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ഇപ്പോൾ എത്ര ഹോം ഗാർഡുകളുണ്ടു്;

(ബി) ഓരോ ഡിസ്ട്രിക്ടിലും എത്ര വീതം ഉണ്ടെന്നു പറയുമോ ;

(സി) കേരള ഹോംഗാർഡു് വിപുലീകരിക്കുന്നതിനു് ഉദ്ദേശമുണ്ടോ

(ഡി) ഉണ്ടെങ്കിൽ ഏതു് തരത്തിൽ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) 3975 (മൂവ്വായിരത്തിതൊള്ളായിരത്തി എഴുപത്തഞ്ചു)

(ബി)

തിരുവനന്തപുരം	572
കൊല്ലം	454
ആലപ്പുഴ	418
കോട്ടയം	482
എറണാകുളം	458
തൃശ്ശൂർ	449
പാലക്കാടു്	343
കോഴിക്കോടു്	369
കണ്ണൂർ	430

(സി, ഡി) ഹോം ഗാർഡ്സു് സംഘടനയിൽ പുരുഷന്മാർ ഉൾക്കൊള്ളുന്ന വിഭാഗത്തിൽ വാളണ്ടിയർമാരുടെ സംഖ്യ 4428 ആയി ഉയർത്തുവാനും ഓരോ ജില്ലയിലും ഓരോ പ്ലാറ്റൂൺ വീതം ഒരു വനിതാവിഭാഗം സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ടു്.

അപ്പ്ഗ്രേഡ്ചെയ്യുന്ന ആശുപത്രികൾ

* 83. [46] ശ്രീ. എൻ. കുഞ്ഞുരാമൻ: തഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ഏതെല്ലാം ഗവണ്മെൻറാശുപത്രികൾ അപ്പ്ഗ്രേഡ്ചെയ്യാൻ ഉദ്ദേശിക്കുന്നു ;

(ബി) വാമനപുരം വില്ലേജിൽ കല്ലറ ആശുപത്രി സ്ഥാപിച്ചിട്ടു് എത്രകൊല്ലമായി, അവിടെ ഇപ്പോൾ എത്ര ബഡ്ഡ് ഉണ്ടു്;

(സി) പ്രസവവാർഡുണ്ടോ ;

(ഡി) കൂടുതൽ ബഡ്ഡും കെട്ടിടസൗകര്യവും ഉണ്ടാക്കുന്നതിനും പ്രസവവാർഡു് കെട്ടുന്നതിനും ഉടനടി നടപടിയെടുക്കാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly